


# സഭ പ്രേഷിത സമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ
പരിശീലന പാഠാവലി.

10

## പാഠം 9

# പ്രേഷിത പ്രവർത്തനത്തിന്റെ നൂതനാഭിമുഖ്യങ്ങൾ



ഈ ലോകത്തിൽ ഈശോയുടെ തുടർച്ചയും കൂദാശയുമാണ് സഭ. ഈശോയുടെ രക്ഷാകര ദൗത്യം തുടരുവാൻ സഭ നിയുക്തയായിരിക്കുന്നു. ഈ ദൗത്യം നിറവേറ്റുവാൻ സഭയെന്നും പ്രതിജ്ഞാബദ്ധയായിരുന്നു.



# സഭ മിശിഹായുടെ തുടർച്ചയും ദൗത്യവാഹകയും

1. ഈശോ നൽകിയ രക്ഷ പാപത്തിൽനിന്നുള്ള ആത്മാവിന്റെ മോചനം മാത്രമല്ല, മനുഷ്യന്റെ സമഗ്ര വിമോചനമാണ്. അതിനാൽ സഭയും മനുഷ്യന്റെ സമഗ്രമായ വിമോചനം ലക്ഷ്യമാക്കിയാണ് അദ്ധ്വാനിക്കുന്നത്.

# സഭ ലോകത്തിന്റെ മനഃസാക്ഷി

വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരായി കാര്യങ്ങൾ. മാത്രമല്ല, മനുഷ്യന്റെ സുസ്ഥിതി തകരാറിലാക്കുന്ന ഏതു സംഭവം ലോകത്തിലുായാലും അതിനുള്ള പ്രതികരണത്തിനും പ്രതിവിധിക്കുംവേി ലോകം സഭയിലേക്ക് ഉറ്റുനോക്കുന്നു. പ്രസ്തുത വിഷയത്തിൽ പരിശുദ്ധ പിതാവ് എന്തു പറയുന്നു എന്നുകേൾക്കാൻ ലോകനേതാക്കൾ കാതോർക്കുന്നു.

# വിദ്യാഭ്യാസ പ്രേഷിതത്വം

**മനുഷ്യന്റെ പരമാന്ത്യം മുന്നിൽ കുകൊണ്ട് അവന്റെ വ്യക്തിത്വത്തിനു രൂപം നൽകുകയാണു ശരിയായ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം (വിദ്യാഭ്യാസം എ.ഷ. 1).**





സ്നേഹം, സത്യം, നീതി, സാഹോദര്യം, സമാധാനം തുടങ്ങിയ മൂല്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കണം. തിന്മകൾ വർജ്ജിക്കാനും നന്മകൾ സ്വീകരിക്കാനും വ്യക്തികളെ വിദ്യാഭ്യാസം സഹായിക്കുന്നു. ദാരിദ്ര്യം, അജ്ഞത, അടിമത്തം, ചൂഷണം മുതലായ പ്രശ്നങ്ങളെക്കുറിച്ചു പഠിച്ച് അവയെ ഉന്മൂലനം ചെയ്യുന്നതിനും വിദ്യാഭ്യാസംകൊണ്ടു സാധിക്കുന്നു.

# മാധ്യമ പ്രേഷിതത്വം

മാധ്യമങ്ങൾ മനുഷ്യമനസ്സിനെ കീഴ്പ്പെടുത്തി സ്വാധീനം ഉറപ്പിച്ചു കഴിഞ്ഞു. മാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ചു രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു ഡിക്രി പുറപ്പെടുവിച്ചിരുന്നു. മാധ്യമങ്ങൾ വിനോദവും വിജ്ഞാനവും പകരുന്നതിനു പുറമേ ദൈവരാജ്യ പ്രചാരണത്തിനും ഏറെ സഹായകരമാണെന്നു കൗൺസിൽ പറയുന്നു. (സാമൂഹ്യ മാധ്യമങ്ങൾ - 2)







ഇന്റർനെറ്റ് യുഗത്തിൽ ജീവിക്കുന്ന ആധുനിക സഭയ്ക്ക് ഈ സാങ്കേതിക വിദ്യയുടെ ഉപയോഗം അത്യന്താപേക്ഷിതമാണ്. സാമൂഹിക സമ്പർക്കമാധ്യമങ്ങൾക്കുവേിയുള്ള പൊന്തിഫിക്കൽകൗൺ സിൽ 'സഭയും ഇന്റർനെറ്റും', 'ഇന്റർനെറ്റിലെ ധാർമ്മികത' എന്നിങ്ങനെ രണ്ട് രേഖകൾ പുറപ്പെടുവിച്ചു.

# രാഷ്ട്രീയം

രാഷ്ട്രീയ രംഗത്തും സഭയുടെ മക്കൾ സേവനമനു ഷ്ഠിക്കുന്നു. ബന്ധിതർക്കു മോചനവും, അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും നൽകാൻ കടന്നുവന്ന ഈശോയുടെ മാതൃകയും ചൈതന്യ വുമാണ് അവരെ നയിക്കേണ്ടത്.

# കലാ-സാഹിത്യ-സാംസ്കാരിക മേഖലകൾ

**കലകൾക്കും സാഹിത്യത്തിനും മാനവ പുരോഗതിയിലുള്ള സ്ഥാനത്തെക്കുറിച്ചും സഭാമാതാവ് ബോധവതിയാണ്. സാംസ്കാരിക രംഗങ്ങളിലും സഭാമക്കൾ സ്തുത്യർഹമായ സേവനം അർപ്പിക്കുന്നുണ്ട്. ധാർമ്മികമൂല്യങ്ങൾ പകരുന്ന സിനിമകൾ, നാടകങ്ങൾ, നൃത്തരൂപങ്ങൾ പ്രത്യേകിച്ച് ക്രിസ്തീയ കലാരൂപങ്ങൾ തുടങ്ങിയവ വഴി ക്രൈസ്തവ സന്ദേശം പ്രചരിപ്പിക്കുവാൻ സഭാതനയർക്ക് ചുമതലയുണ്ട്.**






# പരിസ്ഥിതി സംരക്ഷണം

പ്രകൃതിയുടെ സംതുലിതാവസ്ഥ സംരക്ഷിക്കുന്നതിനും സഭാമക്കൾ ശ്രദ്ധിക്കണം. സ്രഷ്ടവസ്തുക്കൾ മനുഷ്യവംശത്തിനു മുഴുവനും വേണ്ടിയുള്ളതാണ്. അത് പൊതുനന്മയ്ക്കായി സംരക്ഷിക്കാനും നീതിപൂർവ്വം കൈകാര്യം ചെയ്യാനും നമുക്കു കടമയുണ്ട്.



# സാമൂഹിക തിന്മകൾക്കെതിരെ
# സുവിശേഷ ശബ്ദം

ഭാരതത്തിന്റെ വിവിധ മേഖലകളിലും ഭാരതത്തിനു പുറത്തും മിഷൻ വേല ചെയ്യുന്ന ധാരാളം മിഷനറിമാർ ഇന്നുമുണ്ട്. സ്വന്തം നാടും വീടും വിട്ട് അന്യജനതകളുടെയിടയിൽ സുവിശേഷ സന്ദേശം എത്തിക്കാൻ ഈ മിഷനറിമാർ ചെയ്യുന്ന ത്യാഗം വളരെ വലുതാണ്.





# ദൈവവചനം

# വായിക്കാം, ധ്യാനിക്കാം

# (ഗലാ. 1:11-24)



# ഓർമ്മിക്കാൻ ഒരു തിരുവചനം

വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ
അനുകൂലമാണെങ്കിലും അല്ലെങ്കിലും
ജാഗരൂകതയോടെ വർത്തിക്കുക
(2 തിമോ. 4:2).

# നമുക്കു പ്രാർത്ഥിക്കാം

സമഗ്രവിമോചകനായ ഈശോയെ, സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ക്രൈസ്തവ നേതാക്കന്മാർക്ക് സുവിശേഷചൈതന്യത്തിൽ ഉറച്ചു നിന്ന് തങ്ങളുടെ പ്രവർത്തനങ്ങൾ ചെയ്യുവാൻ ആന്തരികശക്തിയും ചൈതന്യവും നൽകണമേ.

# എന്റെ തീരുമാനം

**ക്രിസ്തീയ മൂല്യങ്ങളിൽ അടിയുറച്ച ഒരു വ്യക്തിത്വം വളർത്തിയെടുക്കാൻ ഞാൻ പരിശ്രമിക്കും.**

## സഭാപിതാക്കന്മാർ പറയുന്നത്

അല്മായരുടെ പ്രേഷിതപ്രവർത്തനത്തിന്റെ, മണ്ഡലം വിപുലവും സങ്കീർണവുമായ ലോകമാണ്. രാഷ്ട്രിയം, സാമ്പത്തികം, വ്യവസായം, വിദ്യാഭ്യാസം, സാമൂഹിക സമ്പർക്കമാധ്യമങ്ങൾ, സാങ്കേതികവിദ്യ, കലകൾ, സ്പോർട്സ് എന്നിവയുടെ ലോകമാണ്. അനേകം ഏഷ്യൻ രാജ്യങ്ങളിൽ അല്മായർ യഥാർത്ഥ പ്രേഷിതരായി സേവനം ചെയ്യുന്നുണ്ട് (ഏഷ്യയിലെ സഭ. 45).

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* മിശിഹായുടെ തുടർച്ചയും ദൗത്യവാഹകയുമാണു സഭ.

* സഭ മനുഷ്യന്റെ സമഗ്രപുരോഗതിക്കുവേണ്ടിയാണു യത്‌നിക്കുന്നത്.



* ഇതിനായി അവൾ സ്വീകരിച്ചിരിക്കുന്ന മാർഗങ്ങൾ നിരവധിയുണ്ട്.

* വിദ്യാഭ്യാസം, മാധ്യമപ്രേഷിതത്വം, രാഷ്ട്രീയം, കലാ സാഹിത്യ സാംസ്കാരിക മേഖലകൾ, പരിസ്ഥിതിസംരക്ഷണം, സാമൂഹികതിന്മകൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഇന്നു സഭ പ്രത്യേക ഊന്നൽ കൊടുക്കുന്നു.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* സഭയുടെ ദൗത്യങ്ങളിൽ അഭിമാനം.

* സാധിക്കുന്ന വിധത്തിലെല്ലാം അവയോടു സഹകരിക്കാനുള്ള സന്നദ്ധത.

# സ്വന്തമാക്കേണ്ട ശീലങ്ങൾ



* ലോകത്തിൽ നടക്കുന്ന തിന്മകളോടും സംഭവങ്ങളോടും സഭ എങ്ങനെയാണു പ്രതികരിക്കുന്നതെന്നു ശ്രദ്ധിക്കുന്നു.

* അതിനനുസൃതമായ തീരുമാനങ്ങൾ എടുത്തു പ്രവർത്തിക്കുന്നു.


THANK
YOU